(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റേഷൻ സാധനങ്ങൾക്ക് സബ്സിഡി

*3 [63] ശ്രീ. സി. മമ്മൂട്ടി:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക്ക് കുരിക്കൾ:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സബ്സിഡി നിരക്കിൽ റേഷൻ സാധനങ്ങൾ നൽകാൻ ഉത്തരവ് ഇറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലും തമിഴ്നാട് മാതൃകയിൽ റേഷൻ സാധനങ്ങൾക്ക് സബ്സിഡി നൽകാൻ ആലോചിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. ജി. കാർത്തികേയൻ):

(എ ആന്റ് ബി) തമിഴ്നാട്ടിലെ എല്ലാ കാർഡുടമകൾക്കും പൊതുവിതരണ ശൃംഖലവഴി അരി വിതരണം ചെയ്യുന്നില്ല. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് അവിടെ പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെങ്കിലും അരിയും മറ്റ് അവശ്യ സാധനങ്ങളും ആവശ്യമുള്ളവർക്ക് പിങ്ക് നിറത്തിലുള്ള കാർഡും അരി ആവശ്യമില്ലാത്തവർക്ക് മഞ്ഞ കാർഡും നൽകുന്നു. പഞ്ചസാരയും അരിയും വിതരണം ചെയ്യുന്നത് അംഗങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയും മണ്ണെണ്ണ വിതരണം ചെയ്യുന്നത് എൽ.പി.ജി. കണക്ഷന്റെ എണ്ണത്തെ അടിസ്ഥാനമാക്കിയുമാണ്. എന്നാൽ കേരളത്തിൽ കാർഡിലെ അംഗങ്ങളുടെ എണ്ണം പരിഗണിക്കാതെ പ്രതിമാസം 35 കിലോഗ്രാം അരിയ്ക്ക് (എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ) അർഹതയുണ്ട്. കേന്ദ്ര സർക്കാർ ബി.പി.എൽ. അരി 11.97 ലക്ഷം കുടുംബങ്ങൾക്ക് മാത്രം നൽകുമ്പോൾ 16.65 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ബി.പി.എൽ. നിരക്കിൽ അരി വിതരണം ചെയ്യുന്നു. അങ്ങനെ കൂടുതലായി 4.68 ലക്ഷം കുടുംബങ്ങൾക്ക് ബി.പി.എൽ. അരി നൽകുന്നതിനാവശ്യമായ തുക സബ്സിഡിയായി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly